# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: *417

20.03.2018 - ൽ
മറുപടിയ്ക്ക്

### ഫാമുകളുടെ ആധുനികവത്കരണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. ഇ. എസ്. ബിജിമോൾ<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ<br>ശ്രീ. കെ. രാജൻ<br>ശ്രീ. വി. ആർ. സുനിൽ കുമാർ | ശ്രീ. വി. എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഫാമുകളുടെ ആധുനികവത്കരണത്തിന് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കുമോ; | എ) സംസ്ഥാനത്ത് ഫാമുകളുടെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനും വിതരണത്തിനുമായി 500 ലക്ഷം രൂപ, കേര സമൃദ്ധി എന്ന ബൃഹത്തായ പദ്ധതിയിൽ വിത്ത് തേങ്ങ സംഭരണത്തിനും ഗുണമേന്മയുള്ള തെങ്ങിൻ തൈ ഉല്പാദനത്തിനും 250 ലക്ഷം രൂപ, ഗുണമേന്മയുള്ള ടിഷ്യൂകൾച്ചർ തൈകൾ ഉല്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപ, ഹൈടെക് നഴ്സറികളുടെ പ്രവർത്തനത്തിനും തൈകളുടെ ഉല്പാദനത്തിനുമായി 25 ലക്ഷം രൂപ, നിലവിലുള്ള പഴത്തോട്ടങ്ങളുടെ മാതൃവൃക്ഷ സംരക്ഷണത്തിനും പുതിയവ നട്ടുപിടിപ്പിക്കുന്നതിനും 100 ലക്ഷം രൂപ, വിദേശീയ ഇനം പഴവർഗ്ഗങ്ങളുടെ തൈകൾ നട്ടുപിടിപ്പിച്ച് തോട്ടം നിർമ്മിക്കുന്നതിനായി 100 ലക്ഷം രൂപ, ജൈവകൃഷിയിലൂടെ ഗുണമേന്മയേറിയ ഉല്പാദനോപാധികളുടെ വിതരണം ലക്ഷ്യമാക്കി സംയോജിത കൃഷി നടപ്പിലാക്കുന്നതിന് 200 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>കൂടാതെ ഫാമുകൾ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി യന്ത്രവൽക്കരണവും അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി 760 ലക്ഷം രൂപയും വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>പുഷ്പകൃഷി വികസനത്തിന് മേൽത്തരം നടീൽ വസ്തുക്കളുടെ ഉല്പാദനത്തിനായി തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ജില്ലാ ഫാമുകൾക്ക് 25 ലക്ഷം രൂപയും, ഔഷധ സസ്യ കൃഷി വികസനത്തിന് ഫാമുകളിൽ ക്രോപ്പ് മ്യൂസിയം സ്ഥാപിക്കുന്നതിന് 14 ലക്ഷം രൂപയും വകയിരുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) കേന്ദ്ര സർക്കാരിന്റെ ജലവിഭവ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഏജൻസിയായ വാപ്കോസ് (WAPCOS) മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ വ്യക്തമാക്കുമോ; | ബി) വട്ടവട, കാന്തല്ലൂർ സ്പെഷ്യൽ അഗ്രിക്കൾച്ചറൽ സോൺ, ജില്ലാ കൃഷിത്തോട്ടം നേര്യമംഗലം, ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാം നെല്ലിയാമ്പതി എന്നിവയുടെ സമഗ്രമായുള്ള വികസനത്തിന് കേന്ദ്ര ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ വാപ്കോസിന്റെ സഹായം ലഭ്യമാക്കുന്നതിനും, വിശദമായ പഠനം നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും, പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് വിശദമായ സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കി ദർഘാസ് ക്ഷണിക്കുക കൂടി പ്രോജക്ടിന്റെ മേൽനോട്ടം വഹിക്കുക, കർഷകർക്കും കൃഷി ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുക എന്നീ സേവനങ്ങളാണ് വാപ്കോസിൽ നിന്നും ലഭ്യമാക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളത്. |

| | |
|---|---|
| സി) കൃഷി ഫാം തൊഴിലാളികളുടെ ശമ്പള പരിഷ്കരണ നടപടികൾ പൂർത്തിയായോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | **സി)** ഫാം തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ 17.05.2017-ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 08/2017/കൃഷി അനുസരിച്ച് പരിഷ്കരിക്കുകയുണ്ടായി. 30.10.2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 16/2017/കൃഷി അനുസരിച്ച് ശമ്പള പരിഷ്കരണ ഉത്തരവിൽ ഭേദഗതികൾ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| ഡി) ഏതൊക്കെ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കാണ് പ്രസ്തുത ശമ്പളപരിഷ്കരണ ആനുകൂല്യം ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ? | **ഡി)** ഫാമുകളിലെ സ്ഥിരം തൊഴിലാളികൾക്കും കാഷ്വൽ തൊഴിലാളികൾക്കുമാണ് ശമ്പള പരിഷ്കരണ ആനുകൂല്യം ലഭ്യമാകുന്നത്. |

**സെക്ഷൻ ഓഫീസർ**